പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ **4683** **19-05-2017** ൽ മറുപടിക്ക്

## ലൈഫ്, സാന്ത്വനം പദ്ധതികൾ

| | ചോദ്യം<br>ശ്രീ.ടി. വി. ഇബ്രാഹിം : | | മറുപടി<br>ശ്രീ എ.കെ. ബാലൻ<br>പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററി കാര്യവും വകുപ്പ് മന്ത്രി. |
|---|---|---|---|
| (എ) | സർക്കാർ പ്രഖ്യാപിച്ച ലൈഫ് പദ്ധതിയിൽ പട്ടികജാതി /പട്ടികവർഗ്ഗക്കാർക്ക് പ്രത്യേക പരിഗണനകളോ നിർദ്ദേശങ്ങളോ നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ; | (എ) | പട്ടികജാതി വികസന വകുപ്പ്<br>പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കുള്ള ഭവന നിർമ്മാണ ധനസഹായതുക 4 ലക്ഷമായി നിജപ്പെടുത്തുവാൻ ലൈഫ് പദ്ധതിയിൽ തീരുമാനിച്ചിട്ടുണ്ട്.<br><br>പട്ടികവർഗ്ഗ വികസന വകുപ്പ്<br>ലൈഫ് മിഷൻ പദ്ധതി നടപ്പിലാക്കുന്നത് കുടുംബശ്രീ മുഖേനയാണ്. പട്ടിക വർഗ്ഗക്കാർക്ക് അനുവദിക്കുന്ന വീടുകൾ പൂർത്തീകരിക്കുന്നതിന് യഥാർത്ഥത്തിൽ ചെലവാകുന്ന തുക ജില്ലാ മിഷൻ തീരുമാനിക്കുന്നതിന്റെ അടിസ്ഥാനത്തിൽ അനുവദിക്കണമെന്നും പട്ടികവർഗ്ഗ മേഖലയിൽ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് കുടുംബശ്രീ സംവിധാനം ശക്തമല്ലാത്തതിനാൽ പട്ടികവർഗ്ഗ പ്രൊമോട്ടർമാരെ ഉപയോഗിക്കാവുന്നതാണെന്നും ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 30/01/2017 ന് ലൈഫ് മിഷന്റെ മുന്നൊരുക്ക പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ചേർന്ന യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | 'സാന്ത്വനം' പദ്ധതിയിൽ എസ്.സി /എസ്.ടി വിഭാഗക്കാർക്ക് അപേക്ഷ നൽകാൻ തടസ്സങ്ങളുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ? | (ബി) | പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് 'സാന്ത്വനം' പദ്ധതി നടപ്പിലാക്കുന്നില്ല. കുടുംബശ്രീ മുഖേന നടത്തുന്ന 'സാന്ത്വനം' പദ്ധതിയിൽ എല്ലാ വിഭാഗം ജനങ്ങളേയും ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ